പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 3508 | 14.10.2011 ൽ<br>മറുപടിയ്ക്ക് |

## സ്മാർട്ട് സിറ്റി-സെസ്സ് പദവിയും കരാർ വ്യവസ്ഥകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ ;<br>ശ്രീ. എ.എം. ആരിഫ് ;<br>ശ്രീ. ബാബു എം. പാലിശ്ശേരി ;<br>ശ്രീ. ബി.ഡി. ദേവസ്സി ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
| എ) സ്മാർട്ട്സിറ്റി കരാർ പ്രകാരം മൊത്തം എത്ര ഏക്കർ സ്ഥലത്താണ് സെസ്സ് പദവി നൽകേണ്ടത്; ഇതിനകം സർക്കാർ ശുപാർശ ചെയ്തതും കേന്ദ്ര സർക്കാർ അനുവദിച്ചതും എത്ര ഏക്കറിനാണ്; | എ) സ്മാർട്ട്സിറ്റി കരാർ പ്രകാരം മൊത്തം 246 ഏക്കർ സ്ഥലത്തിനാണ് സെസ്സ് പദവി നല്കേണ്ടത്. 246 ഏക്കർ സ്ഥലത്തിന് സെസ്സ് പദവി നൽകുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ 131.41 ഏക്കറിന് സെസ്സ് പദവി നൽകിക്കൊണ്ട് നേരത്തെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി വരുന്ന 114.59 ഏക്കർ സ്ഥലം ചേർത്ത് സ്മാർട്ട്സിറ്റി പദ്ധതിക്കായുള്ള മുഴുവൻ സ്ഥലവും കൂടി ഒറ്റ സെസ്സായി അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുമുള്ള വിജ്ഞാപനം ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) മുൻസർക്കാരിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന എല്ലാ വ്യവസ്ഥകളും സ്മാർട്ട്സിറ്റിക്ക് ബാധകമാണോ; അല്ലെങ്കിൽ ഏതെല്ലാം സംഗതികളിലാണ് ഇപ്പോൾ ഒഴിവുകൾ നൽകിയിട്ടുള്ളത്; ഇതിന് മന്ത്രിസഭാ തീരുമാനം ഉണ്ടോ; | ബി) മുൻസർക്കാരിന്റെ കാലത്ത് TECOM-മായി ഉണ്ടാക്കിയ ഫ്രെയിംവർക്ക് എഗ്രിമെന്റ്, സ്മാർട്ട്സിറ്റി ഇൻഫ്രാ സ്ട്രക്ചറുമായി ഉണ്ടാക്കിയ പാട്ടകരാർ എന്നിവയിലടങ്ങിയ എല്ലാ വ്യവസ്ഥകളും സ്മാർട്ട്സിറ്റിക്ക് ബാധകമാണ്. ഈ എഗ്രിമെന്റിൽ ഒരു മാറ്റവും ഇപ്പോൾ വരുത്തിയിട്ടില്ല. |
| സി) നിലവിലുള്ള പ്ലാനിംഗ് അനുസരിച്ച് അടുത്ത അഞ്ചുവർഷത്തിനകം എത്ര സ്ക്വയർ മീറ്റർ കെട്ടിടം ഐ.ടി.ക്കു മാത്രമായി നിർമ്മാണം പൂർത്തിയാക്കി ഐ.ടി. കമ്പനികൾക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; പൂർത്തീകരിക്കുന്ന ഐ.ടി. ഇതര കെട്ടിടങ്ങൾ എത്ര സ്ക്വയർ മീറ്റർ | സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നതേയുള്ളു. ഇത് പൂർത്തിയാകുന്നതോടുകൂടി സ്മാർട്ട്സിറ്റി (കൊച്ചി)യുടെ ഡവലപ്മെന്റ് പ്ലാനും പൂർത്തിയാകുന്നതാണ്. അതനുസരിച്ച് ഐ.ടിക്ക് വേണ്ടി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്. |

| | |
|---|---|
| ആയിരിക്കും; അതെന്തെല്ലാം ആവശ്യങ്ങൾക്കായിരിക്കും; | |
| ഡി) സ്മാർട്ട്സിറ്റി പദ്ധതിക്കായി സംസ്ഥാന സർക്കാരിന് ഇതിനകം എത്രതുക ചെലവായിട്ടുണ്ട്; അടുത്ത 5 വർഷം കൊണ്ട് സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിക്കേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്ന തുകയെത്രയെന്നറിയിക്കുമോ ? | ഡി) സ്മാർട്ട്സിറ്റി പദ്ധതിക്കായി ഇതിനകം 107.77 കോടി രൂപ സർക്കാർ ചെലവാക്കിയിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം ഏകദേശം 40 കോടി രൂപ അധികമായി വേണ്ടി വരും. |

സെക്ഷൻ ഓഫീസർ